നം:എ4/2069/11/റ്റിബിഒ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
പാഠപുസ്തക വിഭാഗം, പത്മവിലാസം, ഫോർട്ട്,
തിരുവനന്തപുരം, തീയതി: 19.11..2011.

# സർക്കുലർ

വിഷയം:- പാഠപുസ്തക വിതരണം 2012-13 - ഓൺലൈൻ ഇൻഡന്റ് നൽകുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:-

2012-13 വർഷത്തേക്കാവശ്യമായ സ്കൂൾ പാഠപുസ്തകങ്ങളുടെ ഓർഡർ നൽകുന്നതിന് മുൻ വർഷങ്ങളിലെ രീതിയിൽ ഓൺലൈൻ ഇൻഡന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ്/എയിഡഡ് സ്കൂളുകൾക്കും www.keralabooks.org എന്ന വെബ്സൈറ്റിലെ online text book indent management system എന്ന ലിങ്കിൽ പ്രവേശിച്ച് തങ്ങൾക്കാവശ്യമായ പുസ്തകങ്ങളുടെ ക്ലാസ്സ്, ഇനം തിരിച്ച ഓർഡർ നൽകാവുന്നതാണ്. ഇതിനുള്ള ഗൈഡ്ലൈൻസും സംശയദൂരീകരണത്തിനായുള്ള ഹെൽപ് ലൈൻ നമ്പരുകളും വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഈ മാസം 21-ന് തുടങ്ങി ഡിസംബർ 10-ന് അകം പൂർത്തിയാകത്തക്ക രീതിയിലാണ് ഇൻഡന്റിംഗ് സംവിധാനം ഒരുക്കിയിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയിഡഡ് സ്കൂളുകളും ഈ സമയ പരിധിക്കുള്ളിൽ തങ്ങളുടെ ആവശ്യകത രേഖപ്പെടുത്തിയിരിക്കണം.

ഈ വർഷം ആറാം പ്രവൃത്തി ദിവസം റോളിലുണ്ടായിരുന്ന കുട്ടികളുടെ എണ്ണത്തിൽ ഓരോ ക്ലാസ്സ് കയറ്റി വേണം അടുത്ത വർഷത്തെ ആവശ്യകത കണക്കാക്കേണ്ടത്. ഇപ്പോൾ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ അടുത്ത വർഷം രണ്ടാം ക്ലാസ്സിലാകും എന്ന രീതിയിൽ ആവശ്യകത തയ്യാറാക്കാവുന്നതാണ്. മുൻ വർഷങ്ങളിലെ പരിചയവും യുക്തിയും ഉപയോഗിച്ച് വരും വർഷത്തെ ഓരോ ക്ലാസ്സിലേയും കുട്ടികളുടെ എണ്ണം മുൻകൂട്ടി കണ്ടുവേണം ഇൻഡന്റ് നൽകേണ്ടത്.

ഇങ്ങനെ ഓർഡർ നൽകുമ്പോൾ അറബി, ഉർദു, സംസ്കൃതം എന്നീ ഭാഷകൾ പഠിക്കുന്ന കുട്ടികൾക്കായി പ്രസ്തുത വിഷയങ്ങളുടെ ഓർഡർ നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം. 5 മുതൽ 10 വരെ ക്ലാസ്സുകളിൽ അറബി, സംസ്കൃതം ഓറിയന്റൽ പുസ്തകങ്ങൾ നിലവിലുണ്ട്. ഒന്നും രണ്ടും ഭാഷകൾക്കു പകരം അറബി, സംസ്കൃതം പഠിപ്പിക്കുന്ന ചുരുക്കം ചില ഓറിയന്റൽ സ്കൂളുകളിലെ കുട്ടികൾക്ക് വേണ്ടി മാത്രമുള്ളതാണ് ഈ പുസ്തകങ്ങൾ. സാധാരണ സ്കൂളുകളിലെ കുട്ടികൾ ഈ ഓറിയന്റൽ പുസ്തകങ്ങൾ പഠിക്കേണ്ടതില്ല. അതിനാൽ ഇൻഡന്റ് ഫോമിലെ Arabic (OS), Sanskrit (OS) എന്നിവ അക്കാഡമിക് സ്കൂളുകളിലെ കുട്ടികൾക്കായി ഓർഡർ ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും തങ്ങളുടെ മേഖലയിലെ ഹൈസ്കൂളുകൾ ഉൾപ്പെടെയുള്ള മുഴുവൻ സ്കൂളുകളും കൃത്യമായി ഓർഡർ നൽകി എന്ന് ഉറപ്പുവരുത്തണം. ജില്ലാ വിദ്യാഭ്യാസ ആഫീസർ മേൽപ്പറഞ്ഞ സമയപരിധിയിൽ വിവിധ സ്കൂളുകളിൽ നേരിട്ട് പരിശോധന നടത്തുകയും ഇൻഡന്റിംഗ് കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

ഓരോ ഉപജില്ലയിലേയും എല്ലാ പ്രഥമ അധ്യാപകരുടേയും യോഗം വിദ്യാഭ്യാസ ആഫീസർ ഡിസംബർ 8-ന് അകം വിളിച്ചു ചേർത്ത് ഇൻഡന്റിംഗിലെ പുരോഗതിയും വിശ്വാസ്യതയും ഉറപ്പു വരുത്തണം. ഇതു സംബന്ധിച്ച മേൽനോട്ടം ജില്ലാ വിദ്യാഭ്യാസ ആഫീസറും ഉപഡയറക്ടറും യഥാവിധി കൈക്കൊള്ളുകയും വേണം.

കഴിഞ്ഞ വർഷം സ്വീകരിച്ച അതേ രീതിയിൽ തന്നെ ഇപ്രാവശ്യവും ഓൺലൈൻ ഇൻഡന്റ് നൽകാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും മനസ്സിലാക്കുന്നതിനും അവ താഴേക്ക് പ്രചരിപ്പിക്കുന്നതിനുമായി എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും വരുന്ന ആഴ്ചയിൽ സീമാറ്റിന്റെ ആഭിമുഖ്യത്തിൽ ദ്വി ദിന പരിശീലനം നൽകുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് പിന്നാലെ നൽകും. അൺ എയിഡഡ് സ്കൂളുകൾക്കായി പ്രത്യേക ഓൺലൈൻ സംവിധാനം പിന്നീട് ഏർപ്പെടുത്തുമെന്നതിനാൽ ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ അൺഎയിഡഡ് സ്കൂളുകൾക്ക് ബാധകമല്ല.

**ശ്രദ്ധിക്കുക**

**ഓരോ ഉപജില്ലാ ആഫീസറും ഉപജില്ലയിൽ പെടുന്ന ഹൈസ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളുടേയും ഇൻഡന്റിംഗ് പ്രോസസ്സ് വിലയിരുത്തേണ്ട താണ്. ഹൈസ്കൂളുകൾ തങ്ങളുടെ പരിധിയിൽപ്പെടുന്നതല്ല എന്നു കരുതി ഒഴിവാക്ക രുത്. ഇൻഡന്റ് നൽകേണ്ട അവസാന തീയതി: ഡിസംബർ 10 ആണ്. ഇതിനു ശേഷം ഓർഡർ നൽകാൻ ഒരുതരത്തിലും അനുവദിക്കുന്നതല്ല.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

പകർപ്പ്:
1. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ജില്ലാ പാഠപുസ്തക സ്റ്റോർകീപ്പർമാർക്കും അറിവിലേക്കായി.